ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തലസ്ഥാന വികസനപദ്ധതിയുമായി ബന്ധപ്പെട്ട് പ്രാരംഭ പഠനം നടത്തിവരുന്നു.

ഫോട്ടോസ്റ്റാറ്റ് മെഷീനുകൾക്കായി അനുവദിച്ച തുക

128. [895] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97-ൽ പഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ വാങ്ങുന്നതിനുവേണ്ടി നൽകിയ 1 ലക്ഷം രൂപ ഗവൺമെന്റ് തിരിച്ചെടുത്തിട്ടുണ്ടോ;

(ബി) ഈ തുക പഞ്ചായത്തുകൾക്ക് തിരിച്ചുകൊടുത്തിട്ടുണ്ടോ ;

(സി) കേരളത്തിന്റെ എത്ര പഞ്ചായത്തുകൾ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ ഇതിനകം വാങ്ങിയിട്ടുണ്ട് ;

(ഡി) മെഷീനുകൾ വാങ്ങുന്ന പഞ്ചായത്തിന് ഗവൺമെന്റ് തിരിച്ചുപിടിച്ച തുക അവർക്ക് തിരികെ നൽകുവാൻ ഉത്തരവു പുറപ്പെടുവിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയർ വാങ്ങുന്നതിനു വേണ്ടി ശേഖരിച്ച തുക പഞ്ചായത്ത് ഡയറക്ടറുടെ റ്റി.പി. അക്കൗണ്ടിൽ തിരുവനന്തപുരത്തെ വെള്ളയമ്പലം സബ് ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നു. 20-3-2003-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം റ്റി.പി. അക്കൗണ്ടുകൾ മരവിപ്പിക്കപ്പെട്ടതിനെ തുടർന്ന് ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് ശേഖരിച്ച തുക മാറ്റി നിക്ഷേപിക്കുന്നതിന് വേണ്ടി വെള്ളയമ്പലം ട്രഷറിയിൽ ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഇതിലേക്ക് മരവിപ്പിക്കപ്പെട്ട റ്റി.പി. അക്കൗണ്ടിലെ തുക മാറ്റി നിക്ഷേപിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്തുകൾക്ക് തുക തിരികെ നൽകാൻ കഴിയും. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് പഞ്ചായത്തുകൾ നിക്ഷേപിച്ചിട്ടുള്ള തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിന് 25-10-2004-ൽ സ.ഉ.(കൈ) 300/2004 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly